# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560
*ഫോൺ:* 0481-2733370

## വാർത്താക്കുറിപ്പ്

**2026 ജൂലൈ 27**

---

## മഹാത്മാ ഗാന്ധി സർവകലാശാലയിൽ തൊഴിലധിഷ്ഠിത യോഗാ കോഴ്സുകൾ

*മഹാത്മാഗാന്ധി സർവകലാശാലയുടെ സെന്റർ ഫോർ യോഗ ആൻഡ് നാച്ചുറോപ്പതി* (CYN) *നടത്തുന്ന തൊഴിലധിഷ്ഠിത യോഗ, നാച്ചുറോപ്പതി കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. കേരള സർക്കാരിന്റെ പുതിയ മുൻഗണനാ മേഖലയായ വയോജന ക്ഷേമ വകുപ്പിൽ മികച്ച തൊഴിൽ സാധ്യതകളുള്ള എം.എസ്.സി യോഗ ആന്റ് ജെറിയാട്രിക് കൗൺസിലിങ് പ്രോഗ്രാം, പിജി ഡിപ്ലോമ ഇൻ യോഗ, ഡിപ്ലോമ ഇൻ യോഗ ആന്റ് നാചുറൽ ലിവിങ് എന്നീ കോഴ്സുകളിലേക്കാണ് ഇപ്പോൾ അഡ്മിഷൻ നടക്കുന്നത്.*

*ശനി, ഞായർ ദിവസങ്ങളിൽ ഓഫ് ലൈനായും മറ്റ് ദിവസങ്ങളിൽ ഓൺലൈനായുമാണ് ക്ലാസ്.*

*അപേക്ഷിക്കാനുള്ള അവസാന തീയതി ഓഗസ്റ്റ് 05. കൂടുതൽ വിവരങ്ങൾക്ക്* mgu.ac.in, *ഫോൺ- 9786003794, 9497122390, 8848066769*

*(പി. ആർ. ഒ./691/2026)*

## അഡ്മിഷൻ ആരംഭിച്ചു

*മഹാത്മഗാന്ധി സർവകലാശാല ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസബിലിറ്റി സ്റ്റഡീസിൽ* (IUCDS) *വിവിധ കോഴ്സുകളുടെ പുതിയ ബാച്ചുകളിലേക്ക് അഡ്മിഷൻ ആരംഭിച്ചു.*

*ഒരു വർഷത്തെ പി.ജി. ഡിപ്ലോമ ഇൻ കൗൺസിലിംഗ് ആന്റ് സൈക്കോതെറാപ്പി കോഴ്സിലേക്ക് ഏതെങ്കിലും വിഷയത്തിൽ ബിരുദമുള്ളവർക്ക് അപേക്ഷിക്കാം.*

*മൂന്ന് മാസത്തെ ബേസിക് കൗൺസിലിംഗ് ആന്റ് സൈക്കോതെറാപ്പി കോഴ്സിലേക്കും, ഡിപ്ലോമ ഇൻ പാലിയേറ്റീവ് കെയർ കോഴ്സിലേക്കും പ്ലസ് ടു അല്ലെങ്കിൽ തത്തുല്യ യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാവുന്നതാണ്.*

*ഇമെയിൽ-* iucdsmgu@mgu.ac.in *ഫോൺ -8547165178*

*(പി. ആർ. ഒ./692/2026)*

## സൗജന്യ തൊഴിൽമേള

*മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോയും മോഡൽ കരിയർ സെന്ററും സംയുക്തമായി ആഗസ്റ്റ് 14-ന് സൗജന്യ തൊഴിൽമേള സംഘടിപ്പിക്കുന്നു. യൂണിവേഴ്സിറ്റി ക്യാമ്പസിലെ മോഡൽ കരിയർ സെന്ററിൽ വെച്ച് രാവിലെ 10 മണി മുതലാണ് മേള നടക്കുന്നത്.*

*വിവിധ പ്രമുഖ മേഖലകളിൽ നിന്നുള്ള അഞ്ചിലധികം കമ്പനികളിലെ ഒഴിവുകളിലേക്കാണ് അഭിമുഖം നടക്കുന്നത്. താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ ആഗസ്റ്റ് 13-ന് മുൻപായി* https://bit.ly/mccktmaugust14 *എന്ന ലിങ്ക് വഴി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ഫോൺ-9495628626, 628317660, 0481-2731025*

*(പി. ആർ. ഒ./693/2026)*

## പരീക്ഷാഫലം

*നാലാം സെമസ്റ്റർ എം.എ ഇക്കണോമിക്സ്, ആനിമേഷൻ, സിനിമ ആൻഡ് ടെലിവിഷൻ, ഗ്രാഫിക് ഡിസൈനിംഗ്, പ്രിന്റ് ആൻഡ് ഇലക്ട്രോണിക് ജേർണലിസം, എം.എസ്.സി മോളിക്യുലാർ ബയോളജി ആൻഡ് ജെനറ്റിക് എൻജിനീയറിംഗ്, എം.എ സംസ്കൃത സ്പെഷ്യൽ റിവൈസ്ഡ് / പ്രീവൈസ്ഡ്-ന്യായ, സാഹിത്യ വേദാന്ത, വ്യാകരണ, എം.എസ്.സി ഇലക്ട്രോണിക്സ്, എംറ്റിറ്റിഎം, മാസ്റ്റർ ഓഫ് കോമേഴ്സ് ആൻഡ് മാനേജ്മെന്റ് (2024 അഡ്മിഷൻ റഗുലർ, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്) മാർച്ച് 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 9 വരെ ഓൺലൈനായി അപേക്ഷിക്കാം.*

------------

*നാലാം സെമസ്റ്റർ എം.എസ്.സി ബയോകെമിസ്ട്രി (2024 അഡ്മിഷൻ റഗുലർ, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്) മാർച്ച് 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 11 വരെ ഓൺലൈനായി അപേക്ഷിക്കാം.*

*(പി. ആർ. ഒ./694/2026)*

## പ്രാക്ടിക്കൽ

*രണ്ടാം സെമസ്റ്റർ ബിഎ മ്യൂസിക് (വയലിൻ-കോംപ്ലിമെന്ററി), മ്യൂസിക് (മൃദംഗം) (സിബിസിഎസ്) (2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2018 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2017 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്) മാർച്ച് 2026 ന്റെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 30, ഓഗസ്റ്റ് 6 എന്നീ തിയതികളിലായി തൃപ്പൂണിത്തുറ ആർഎൽവി കോളജിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.*

------------

*രണ്ടാം സെമസ്റ്റർ എം.എ കഥകളി സംഗീതം (സിഎസ്എസ്) (2025 അഡ്മിഷൻ റഗുലർ, 2024 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2020 മുതൽ 2024 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2019 അഡ്മിനഷൻ ആദ്യ മെഴ്സി ചാൻസ്) മെയ് 2026 ന്റെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 31ന് തൃപ്പൂണിത്തുറ ആർഎൽവി കോളജിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.*

*(പി. ആർ. ഒ./695/2026)*

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

*അഫിലിയേറ്റഡ് കോളേജുകളിലെ അഞ്ചാം സെമസ്റ്റർ യുണിറ്ററി എൽഎൽബി 2023 അഡ്മിഷൻ പരാജയപ്പെട്ടവർക്കായുള്ള സ്പെഷ്യൽ റീഅപ്പിയറൻസ്) പരീക്ഷകൾക്ക് ഓഗസ്റ്റ് 10 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ഓഗസ്റ്റ് 11 വരെയും സൂപ്പർ ഫൈനോടുകൂടി ഓഗസ്റ്റ് 12 വരെയും അപേക്ഷ സ്വീകരിക്കും.*

*(പി. ആർ. ഒ./696/2026)*

പബ്ലിക് റിലേഷൻസ് ഓഫീസർ